18122
1/10/16

**കേരള സർക്കാർ**

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ്- 'സ്കൂൾ വിദ്യാർത്ഥികൾക്കുള്ള സൗജന്യ അപകട ഇൻഷ്വറൻസ് പദ്ധതി' പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന നടപ്പിലാക്കാൻ തീരുമാനിച്ചും സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നടപ്പാക്കാനുള്ള മുൻ തീരുമാനം റദ്ദാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

**പൊതുവിദ്യാഭ്യാസ (ജി) വകുപ്പ്**

ജി.ഒ.(എം എസ്) നം.163/2016/പൊ.വി.വ. തീയതി, തിരുവനന്തപുരം, 30/09/2016

==========================================================

പരാമർശം:- (1) സർക്കാർ ഉത്തരവ് (സാധാ) നം.311/2003/പൊവിവ, തീയതി 22.01.2003
(2) സർക്കാർ ഉത്തരവ് (എം എസ്) നം.08/2013/പൊവിവ, തീയതി 10.01.2013
(3) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 09.10.2014 ലെ എം5/17354/2011/ ഡി പി ഐ നമ്പർ കത്ത്

**ഉത്തരവ്**

2003 മുതൽ 2013 വരെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കീഴിൽ സ്കൂൾ വിദ്യാർത്ഥികൾക്കായി നിലവിലുണ്ടായിരുന്ന സൗജന്യ അപകട ഇൻഷ്വറൻസ് പദ്ധതി പ്രകാരം, മരണപ്പെടുന്ന കുട്ടികൾക്ക് 10,000 രൂപയും മുറിവേൽക്കുന്നവർക്ക് 500 രൂപയുമാണ് നൽകിയിരുന്നത്. എന്നാൽ ഈ പദ്ധതി പ്രകാരം അനുവദിക്കുന്ന തുക വളരെ കുറവായതിനാലും ശരിയായ രീതിയിലുള്ള ഇൻഷ്വറൻസ് സ്കീമിന്റെ അഭാവം പരിഹരിക്കുന്നതിനുമായി പരാമർശം (2) ലെ സർക്കാർ ഉത്തരവ് പ്രകാരം കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖാന്തിരം താഴെപ്പറയും വിധം നടപ്പിലാക്കാൻ ഉത്തരവായി.

i) വിദ്യാർത്ഥിയുടെ മരണം സംഭവിച്ചാൽ 50000 രൂപ

ii) ഗുരുതരമായി പരിക്ക് പറ്റിയാൽ 10000 രൂപ

ഇത്തരത്തിൽ ഉത്തരവായെങ്കിലും 10/01/2013 മുതൽ ഒരു ക്ലെയിം പോലും തീർപ്പാക്കാൻ സാധിച്ചിട്ടില്ല എന്ന സാഹചര്യത്തിൽ ഈ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനും, സർക്കാരിന് നഷ്ടം വരാതിരിക്കാനും, ഗുണഭോക്താക്കൾക്ക് പ്രായോഗിക ബുദ്ധിമുട്ടുകളില്ലാതെ യഥാസമയം സഹായം വിതരണം ചെയ്യുന്നതിനുള്ള സാഹചര്യം ഉണ്ടാവുന്നതിനും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുട്ടികളുടെ ഒരു രക്ഷിതാവ് മരണപ്പെട്ടാൽ ഒരു നിശ്ചിത തുക(അമ്പതിനായിരമോ ഒരു ലക്ഷമോ) ഫിക്സഡ് ഡിപ്പോസിറ്റായി ട്രഷറിയിലിട്ടുകൊണ്ട് കുട്ടിയുടെ പഠനാവശ്യത്തിനായി പലിശയിനത്തിൽ തുക ലഭിക്കുന്നതിന് സഹായകമാകുന്ന രീതിയിൽ പദ്ധതി പരിഷ്കരിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം നടപ്പിലാക്കുന്നതായിരിക്കും ഉചിതമെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ ശുപാർശ ചെയ്തു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 'സ്കൂൾ വിദ്യാർത്ഥികൾക്കുള്ള സൗജന്യ അപകട ഇൻഷ്വറൻസ് പദ്ധതി', കുട്ടികൾക്കുണ്ടാകുന്ന എല്ലാ തരത്തിലുള്ള അപകടങ്ങൾക്കും മുൻപ് നിശ്ചയിച്ച പ്രകാരം ഇൻഷ്വറൻസ് തുക നല്കുന്ന തരത്തിലും, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുട്ടികളുടെ രക്ഷിതാക്കൾ മരണപ്പെട്ടാൽ 50,000/- രൂപ ട്രഷറി അക്കൗണ്ടിൽ ഫിക്സഡ് ഡെപ്പോസിറ്റായി നിക്ഷേപിക്കുകയും പലിശയിനത്തിൽ ലഭിക്കുന്ന തുക കുട്ടിയുടെ പഠനാവശ്യത്തിനായി ഉപയോഗിക്കുന്ന തരത്തിലും പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം നടപ്പിലാക്കാൻ അനുമതി നൽകിയും, 10/01/2013-ലെ സ.ഉ.(എം.എസ്) നം.08/2013/പൊ.വി.വ പ്രകാരം 'സ്കൂൾ വിദ്യാർത്ഥികൾക്കുള്ള സൗജന്യ അപകട ഇൻഷ്വറൻസ് പദ്ധതി' കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖാന്തിരം നടപ്പിലാക്കാനുള്ള ഉത്തരവ് റദ്ദാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**കെ.ഗോപാലകൃഷ്ണ ഭട്ട്**
സെക്രട്ടറി (ഇൻ ചാർജ്ജ്)

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (100634/ഇ ഡി എൻ എ 2/14/ഫിൻ, തീയതി 18.03.2016 പ്രകാരം)
പൊതുഭരണ (എസ് സി ) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആൻറ് ഇ), തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ )വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Sreedevi

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നംപർ | : | 16787/ജി1/2013/പൊ.വി.വ |
| 2 | വകുപ്പ് | : | പൊതുവിദ്യാഭ്യാസ (ജി) വകുപ്പ് |
| 3 | വിഷയം | : | സ്കൂൾ വിദ്യാർത്ഥികൾക്കുള്ള സൗജന്യ അപകട ഇൻഷ്വറൻസ് പദ്ധതി പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന നടപ്പാക്കുന്നതു-സംബന്ധിച്ച് |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 23.09.2016 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ? | : | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | അതെ |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീ.ആർ.കുമാർ |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ.ഗോപാലകൃഷ്ണഭട്ട് (സെക്രട്ടറി ഇൻ ചാർജ്ജ്) |
| 9 | മന്ത്രസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 28.09.2016 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ. എസ്.എം. വിജയാനന്ദ് |
| 11 | മന്ത്രസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 28-09-2016 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| 13 | മന്ത്രസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നംപരും തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

1) സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യ ഇൻഷ്വറൻസ് പദ്ധതി പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന നടപ്പിലാക്കുന്നത് സംബന്ധിച്ചതാണ് ഈ കുറിപ്പ്.

2) 2003 മുതൽ 2013 വരെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെകീഴിൽ സ്കൂൾ വിദ്യാർത്ഥികൾക്കായി ഒരു സൗജന്യ അപകട ഇൻഷ്വറൻസ് പദ്ധതി നിലവിലുണ്ടായിരുന്നു. മരണപ്പെടുന്ന കുട്ടികൾക്ക് 100,00 രൂപയും മുറിവേൽക്കുന്നവർക്ക് 500 രൂപയുമാണ് നൽകിയിരുന്നത്. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നോൺ പ്ലാൻ അലോക്കേഷനിൽ നിന്നുമാണ് ഇത് നൽകി വന്നിരുന്നത്.

3) ഈ പദ്ധതി പ്രകാരം അനുവദിക്കുന്ന തുക വളരെ കുറവായതിനാലും ശരിയായ രീതിയിലുള്ള ഇൻഷ്വറൻസ് സ്കീമിന്റെ അഭാവം പരിഹരിക്കുന്നതിനുമായി 10/01/2013-ലെ സ.ഉ.(എം.എസ്) നം.08/2013/പൊ.വി.വ പ്രകാരം കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖാന്തിരം താഴെപ്പറയും വിധം നടപ്പിലാക്കാൻ ഉത്തരവായി.

i) വിദ്യാർത്ഥിയുടെ മരണം സംഭവിച്ചാൽ 50000 രൂപ

ii) ഗുരുതരമായി പരിക്ക് പറ്റിയാൽ 10000 രൂപ

4) ഇത്തരത്തിൽ ഉത്തരവായെങ്കിലും 10/01/2013 മുതൽ ഒരു ക്ലയിം പോലും തീർപ്പക്കാൻ സാധിച്ചിട്ടില്ല എന്ന സാഹചര്യത്തിൽ ഈ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനും സർക്കാരിന് നഷ്ടം വരാതിരിക്കാനും, ഈ പദ്ധതി തുടർന്നും ഡി പിഐ മുഖാന്തിരം നടപ്പിലാക്കണമെന്ന്, പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിലേയ്ക്ക് ശുപാർശ സമർപ്പിച്ചു

5) ഗുണഭോക്താക്കൾക്ക് പ്രായോഗിക ബുദ്ധിമുട്ടുകളില്ലാതെ യഥാസമയം സഹായം വിതരണം ചെയ്യുന്നതിനുള്ള സാഹചര്യം ഉണ്ടാവുന്നതിനും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുട്ടികളുടെ ഒരു രക്ഷിതാവ് മരണപ്പെട്ടാൽ ഒരു നിശ്ചിത തുക(അമ്പതിനായിരമോ ഒരു

ലക്ഷമോ) ഫിക്സഡ് ഡിപ്പോസിറ്റായി ട്രഷറിയിലിട്ടുകൊണ്ട് കുട്ടിയുടെ പഠനാവശ്യത്തിനായി പലിശയിനത്തിൽ തുക ലഭിക്കുന്നതിന് സഹായകമാകുന്ന രീതിയിൽ പദ്ധതി പരിഷ്കരിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം നടപ്പിലാക്കുന്നതായിരിക്കും ഉചിതമെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

6) പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന പദ്ധതി നടപ്പിലാക്കുമ്പോഴും ഇൻഷ്വറൻസ് വകുപ്പ് മുഖാന്തിരം നടപ്പിലാക്കുമ്പോഴുമുള്ള വ്യത്യാസങ്ങൾ താഴെ കൊടുക്കുന്നു.

| **പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന നടപ്പിലാക്കുമ്പോൾ** | **ഇൻഷ്വറൻസ് വകുപ്പ് മുഖേന നടപ്പിലാക്കുമ്പോൾ** |
|---|---|
| 50 ലക്ഷത്തിൽ കൂടുതൽ തുക ചിലവാകില്ല. | സർക്കാർ വാർഷിക പ്രീമിയമായി 1,12,36,000/-രൂപ നല്കേണ്ടതുണ്ട്. മാത്രമല്ല ഇതിൽ വാർഷിക വർദ്ധനവ് ഉണ്ടാവുകയും ചെയ്യും. |
| കുട്ടികൾക്കുണ്ടാകുന്ന എല്ലാ തരത്തിലുള്ള അപകടങ്ങൾക്കും തുക നൽകുന്നു. | മരണം, സ്ഥിരമായ അംഗവൈകല്യം എന്നിവയ്ക്ക് മാത്രമേ നഷ്ടപരിഹാരതുക അനുവദിയ്ക്കുന്നുള്ളൂ |
| 09.01.2013 വരെ ഡി പി ഐ യിൽ നിന്നും വിദ്യാഭ്യാസ ഉപഡയറക്ടർ മാർക്ക് പണം ഡി ഡി ഇ മാർ അതാതു ജില്ലകളിൽ ഉണ്ടാകുന്ന ക്ലയിം തീർപ്പാക്കിയിരുന്നതുവഴി പദ്ധതി സുഗമമായി നടപ്പിലായിരുന്നു | പദ്ധതിയുടെ നടത്തിപ്പ് ഇൻഷ്വറൻസ് വകുപ്പിന് കൈമാറി ഉത്തരവ് ആയെങ്കിലും 10.01.2013 മുതൽ ഒരു ക്ലയിം പോലും തീർപ്പാക്കാൻ സാധിച്ചിട്ടില്ല. |

7) ധനകാര്യ വകുപ്പ് ഡി.പി.ഐയുടെ നിർദ്ദേശത്തോട് യോജിച്ചിട്ടുണ്ട്.

8) ഈ സാഹചര്യത്തിൽ സ്കൂൾ വിദ്യാർത്ഥികൾക്കുള്ള 'സൗജന്യ അപകട ഇൻഷ്വറൻസ് പദ്ധതി', കുട്ടികൾക്കുണ്ടാകുന്ന എല്ലാ തരത്തിലുമുള്ള അപകടങ്ങൾക്കും ഇൻഷ്വറൻസ് തുക നല്കുന്ന തരത്തിലും, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുട്ടികളുടെ രക്ഷിതാക്കൾ മരണപ്പെട്ടാൽ 50,000/- രൂപ ഫിക്സഡ് ഡെപ്പോസിറ്റായി ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കുകയും പലിശയിനത്തിൽ ലഭിക്കുന്ന തുക കുട്ടിയുടെ പഠനാവശ്യത്തിനായി ഉപയോഗിക്കുന്ന തരത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കീഴിൽ നടപ്പിലാക്കാവുന്നതാണ്.

9) പ്രസ്തുത വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

(1) 10/01/2013-ലെ സ.ഉ.(എം.എസ്) നം.08/2013/പൊ.വി.വ പ്രകാരം കേരള സംസ്ഥാന ഇൻഷ്വറൻസ്വകുപ്പ് മുഖാന്തിരം നടപ്പിലാക്കാൻ അനുമതി നൽകിയിരുന്നതും പക്ഷെ നാളിതുവരെ നടപ്പിലാക്കി തുടങ്ങാത്തതുമായ സ്കൂൾ വിദ്യാർത്ഥികൾക്കുള്ള 'സൗജന്യ അപകട ഇൻഷ്വറൻസ് പദ്ധതി' റദ്ദ് ചെയ്യാമോ;

(2) സ്കൂൾ വിദ്യാർത്ഥികൾക്കുള്ള 'സൗജന്യ അപകട ഇൻഷ്വറൻസ് പദ്ധതി', കുട്ടികൾക്കുണ്ടാകുന്ന എല്ലാ തരത്തിലുമുള്ള അപകടങ്ങൾക്കും ഇൻഷ്വറൻസ് തുക നല്കുന്ന തരത്തിലും, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുട്ടികളുടെ രക്ഷിതാക്കൾ മരണപ്പെട്ടാൽ 50,000/- രൂപ ട്രഷറി അക്കൗണ്ടിൽ ഫിക്സഡ് ഡെപ്പോസിറ്റായി നിക്ഷേപിക്കുകയും പലിശയിനത്തിൽ ലഭിക്കുന്ന തുക കുട്ടിയുടെ പഠനാവശ്യത്തിനായി ഉപയോഗിക്കുന്ന തരത്തിലും പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം അനുമതി നൽകാമോ?

GOVERNMENT OF KERALA
**(SHRI.PINARAYI VIJAYAN MINISTRY)**
**Note for the Council of Ministers**

| | | | |
|---|---|---|---|
| 1. | File Number | : | **16787/G1/2013/G.Edn.** |
| 2. | Department | : | General Education (G) Department |
| 3 | Subject | : | Implementing Free insurance scheme of school students through Director of Public Instructions- regarding. |
| 4. | Date of Chief Minister's order for placing before the Council | : | **23/09/16** |
| 5. | (i) Does the case involve financial commitments/implications | : | Yes |
| | (ii) If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Note for the Council? | : | Yes |
| 6. | Are any other departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | : | No |
| 7. | Name of Special Secretary who submitted the Draft Note? | : | Sri.R.Kumar |
| 8 | Name of Secretary(in charge) who approved the Draft Note | : | Sri.Gopalakrishna Bhat |
| 9 | Date of approval of the Draft Note for the Council by the Secretary | : | /09/16 |
| 10 | Name of Chief Secretary who approved the Draft Note | : | Sri.S.M.Vijayanand |
| 11. | Date of approval of the Draft Note for the Council by the Chief Secretary | : | /09/16 |
| 12. | Name of Minister who approved the Draft Note for the Council | : | Prof.C.Ravindranath |
| 13 | Date of approval of the Draft Note for the Council by the Minister | : | /09/16 |
| 14. | Date of submission of fair copies | : | /09/2016 |
| 15. | Date of decision by the Council of Ministers | : | |
| 16. | Number and date of the G.O./letter communicating the decision | : | |

# NOTE FOR COUNCIL OF MINISTERS

1) This note deals with the implementation of Student's Free Insurance Scheme through Director of Public Instructions.

2)There existed a Free Insurance Scheme for Students from 2003 to2013 under DPI. This scheme was to provide Rs.10000 in the event of death of a students and Rs.500 for injury. This amount was met from the non plan allocation of DPI.

3) Since the claim amount allowed was very low and inorder to address the lack of proper an adequate scheme of insurance Government have ordered, as per GO(MS)no.08/2013/GEdn dated 10/01/2013, that the following scheme will be implemented through Kerala State Insurance Department.

(i)Rs. 50000/-will be sanctioned in the event of death of student.

(ii)Rs.10000/-for serious injury

4) Even though such a decision was taken the situation is that non of the claims could be settled since 10/01/2013. In this background DPI has recommended to implement the scheme again through DPI for the smooth implementation of scheme and also to see that it is economical.

5) DPI has recommended to implement the scheme to deposit a fixed amount (Rs.50,000 or Rs.1,00,000) in the Treasury if a parent of BPL student dies. It was also recommended to utilise the interest amount of the said amount for the study purpose of the child.

6) The difference between the scheme if implemented through DPI and Insurance Department is listed below.

| **If implemented through DPI** | **If implemented through Insurance department** |
|---|---|
| Expenditure will not exceed beyond Rs.50 lakhs. | Government have to deposit Rs.1,12,36,000/- as annual premium. In addition to that an annual increase will be there. |
| Claim for all types of accidents. | Compensation will be given only for death or permanent deformity. |
| The scheme was smoothly run previously as the claim was disbursed through the concerned DDE/DEO from the fund provided by DPI. | Though the scheme has been transferred to Insurance Department, no claim has been settled since 10/01/2013. |

7) When consulted the Finance Department has agreed to the proposal.

8) In this circumstance, the Student's Free Insurance Scheme may be implemented through DPI providing insurance coverage as decided earlier to all types of accidents and injuries to students, and if a parent of a BPL student meet with untimely death, by depositing an amount of Rs.50000/- as fixed deposit in the treasury account so that the interest accrued from the amount may be utilized for further study os such students .

9) The Hon'ble Chief Minister has ordered to place the matter before the Council of Ministers.

101

## POINT FOR DECISION

(1) Whether the "Free Insurance Scheme for the Students" ordered to be implemented through the Kerala State Insurance Department as per GO(MS) no. 08/2013/GEdn dated 10/01/2013, but remained a non – starter till date, be withdrawn;

(2) Whether the Free Insurance Scheme for the students be implemented through DPI providing insurance coverage as decided earlier to all types of accidents and injuries to students and by depositing an amount of Rs.50000/- as fixed deposit in the treasury account, if the parent of BPL student meet with untimely death, so that the interest accrued from the amount be utilized for his /her further studies?

28/9/16

28/9

28/9/16

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 28-09-2016.

ഫയൽ നം.16787/ജി1/2013/പൊ.വി.വ. ഇനം നം: 330

75 വിഷയം : പൊതു വിദ്യാഭ്യാസ വകുപ്പ് - സ്കൂൾ വിദ്യാർത്ഥികൾക്കുള്ള സൗജന്യ അപകട ഇൻഷുറൻസ് പദ്ധതി പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന നടപ്പാക്കുന്നത്.

76 തീരുമാനം :

1. കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.
2. സംസ്ഥാനത്ത് അപകടങ്ങളിൽ മരണപ്പെടുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇവരുടെ കുടുംബങ്ങൾക്ക് ആശ്വാസ സഹായം നൽകുന്നതിന് വേണ്ടി ഒരു പൊതു അപകട ഇൻഷുറൻസ് പദ്ധതി രൂപീകരിക്കുന്നത് സംബന്ധിച്ച് പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ധനകാര്യ വകുപ്പിനെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

US(G)
Put up draft
G.O.
29/9/16

എസ്.എം. വിജയാനന്ദ്
ചീഫ് സെക്രട്ടറി

സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്.